പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ചെറുത്തുനിൽപ്പിന്റേയും പോരാട്ടത്തിന്റേയും ചരിത്രം പറയുന്ന നാടോടികലകൾ പുതുതലമുറയെ പരിചയപ്പെടുത്തുക എന്ന ചരിത്ര പരമായ ദൗത്യമാണ് നാടോടി കലാസംഗമങ്ങളിലൂടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലക്ഷ്യം വയ്ക്കുന്നത്. 2018 ഫെബ്രുവരി 15,16,17,18 തീയതികളിൽ തിരുവനന്ത പുരം നിശാഗന്ധി ആഡിറ്റോറിയത്തിലായിരുന്നു നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള സംഘടിപ്പിച്ചത്.

കേരളത്തിന്റെ സായാഹ്നങ്ങളെ ഉത്സവഭരിതമാക്കിയിരുന്ന പഴയകാല കലാരൂപ ങ്ങൾ പുതുതലമുറയ്ക്കു മുന്നിൽ ദൃശ്യവൽക്കരിച്ചത് നവ്യാനുഭവമായി. ഗ്രാച്ചന്ത, ചായ ക്കട സംസാരം, സൈക്കിൾ യജ്ഞം തുടങ്ങിയവയിലൂടെ നമ്മുടെ കേരളത്തിന്റെ തനത് ഗ്രാമാന്തരീക്ഷം പുന:സൃഷ്ടിച്ചത് നാടോടി കലാസംഗമത്തിന്റെ മാറ്റ് കൂട്ടി.

നാടോടി കലാസംഗമത്തിന്റെ വരവറിയിച്ച് പ്രചരണാർത്ഥം പൂതംകളിയോടെയാണ് ആരംഭിച്ചത്. പ്രശസ്ത കവിയത്രി സുഗതകുമാരിയുടെ വീട്ടിൽ നിന്നാണ് പൂതംകളി ആരം ഭിച്ചത്. ഫെബ്രവരി 15 ന് വൈകുന്നേരം നിശാഗന്ധിയിൽ ഗ്രാമചന്തയ്ക്ക് യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി.ബിജു തുടക്കം കുറിച്ചു. തുടർന്ന് കീഴ്പ്പറമ്പ് വെള്ളരി പ്പാടം തീയേറ്റേഴ്സ് വെള്ളരിനാടകം അവതരിപ്പിച്ചു.

തലസ്ഥാനത്തെ കലാപ്രേമികൾ തിങ്ങിനിറഞ്ഞ സദസ്സിൽ മേളയുടെ ഔപചാരി കമായ ഉദ്ഘാടനം ഫെബ്രുവരി 16 ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ ബഹു. വ്യവസായ കായിക യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ.എ.സി മൊയ്തീൻ നിർവ്വഹിച്ചു. തുടർന്ന് ഫോക്‌ലോർ അക്കാഡമി ചെയർമാൻ ശ്രീ. സി.ജെ കുട്ടപ്പനും, പിന്നണി ഗായകൻ ശ്രീ. ജാസി ഗിഫ്റ്റും ചേർന്ന് പ്രപഞ്ചോൽപ്പത്തിയെപ്പറ്റിയുള്ള സംഗീത നടന ആവിഷ്ക്കാരമായ രെയ്യരയ്യം സദസ്സിനെ കൈയ്യിലെടുത്ത് ചടുലതയും, ദൃശ്യഭംഗിയും ആവിഷ്ക്കാരവും കൊണ്ട് മികച്ച പ്രകടനമാണ് കലാകാരൻമാർ നടത്തിയത്. തൃശ്ശൂർ രാഗദീപം മുണ്ടത്തിക്കോടിന്റെ ബാന്റും ആഘോഷങ്ങൾക്ക് മാറ്റ്കൂട്ടി.

നാടോടി കലാസംഗമത്തിന്റെ മുഖ്യ ആകർഷകങ്ങളിലൊന്നായിരുന്നു Musical Diamond of Rajasthan എന്നറിയപ്പെടുന്ന മമെഖാൻ രാജസ്ഥാൻ നാടോടിസംഗീതവും, സൂഫി സംഗീതവും സംയോജിപ്പിച്ചുകൊണ്ടാണ് നമുക്ക് മുന്നിലെത്തിയത്. തുടർന്ന് ആസാ മിന്റെ പ്രശസ്ത നൃത്തരൂപമായ ബിഹു, മിസോറാമിന്റെ കാർഷിക സംസ്ക്കാരത്തിന്റെ തനിമ കാട്ടുന്ന വിവിധ നൃത്തരൂപങ്ങൾ, മഹാരാഷ്ട്ര, ഒറീസ്സ, ത്രിപുര, സിക്കിം, നാഗാ ലാന്റ് തുടങ്ങി വടക്കകുകിഴക്കൻ സംസ്ഥാനങ്ങളുടെ നാടോടി ഗോത്ര പരസ്യത്തിന്റെ നേർക്കാഴ്ചകളായ വിവിധ നൃത്തങ്ങൾകൊണ്ട് സമ്പന്നമായിരുന്നു ഇത്തവണ മേള.

നാഷണൽ ഫോക് ഫെസ്റ്റിന്റെ ഭാഗമായി രാജസ്ഥാൻ, മഹാരാഷ്ട്ര, മിസ്സോറാം, ത്രിപുര, സിക്കിം, ഒറീസ്സ, ബംഗാൾ, ആന്ധ്രാപ്രദേശ്, കേരള എന്നീ സംസ്ഥാനങ്ങളിൽ നിന്നും 500 ലധികം കലാകാരൻമാർ മേളയിൽ പങ്കെടുക്കുകയുണ്ടായി.